ചേർത്തല, അരൂർ മണ്ഡലങ്ങളിലെ കുടുംബശ്രീ പ്രവർത്തനങ്ങൾ

150 (4774) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല അരൂർ മണ്ഡലങ്ങളിൽ എത്ര കുടുംബശ്രീ അയൽ കൂട്ടങ്ങളുണ്ടെന്നും രജിസ്റ്റർ ചെയ്തിട്ടുള്ള പുരുഷ സ്വയം സഹായ സ്വാശ്രയ സംഘങ്ങളെത്രയെന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ തൊഴിൽ സംരംഭങ്ങളിലേർപ്പെട്ടിട്ടുള്ള എത്ര കുടുംബശ്രീ പുരുക്ഷ സ്വയംസഹായസ്വാശ്രയ സംഘങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവ എന്തൊക്കെ തൊഴിൽ സംരംഭങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ചേർത്തല, അരൂർ മണ്ഡലങ്ങളിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടേയും രജിസ്റ്റർ ചെയ്തിട്ടുള്ള പുരുഷസ്വാശ്രയ സംഘങ്ങളുടെയും പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധം ഒന്ന് ആയി ചേർത്തിരിക്കുന്നു ;*

(ബി) ചേർത്തല നിയോജകമണ്ഡലത്തിൽ 268 കുടുംബശ്രീ സംരംഭങ്ങളും അരൂർ നിയോജകമണ്ഡലത്തിൽ 227 കുടുംബശ്രീ സംരംഭങ്ങളും ഉണ്ട്. ഈ മണ്ഡലങ്ങളിൽ തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുള്ള പുരുഷ സ്വയംസഹായ സ്വാശ്രയ സംഘങ്ങളുടെ എണ്ണം 50 ആണ്.

(സി) ചേർത്തല, അരൂർ മണ്ഡലങ്ങളിലെ പുരുഷസ്വാശ്രയ സംഘങ്ങൾ മത്സ്യബന്ധനം, കൃഷി, കൊപ്ര സംസ്കരണം, പലചരക്ക് വ്യാപാരം, കയർ, സിമന്റ് വർക്സ്, ബിൽഡിംഗ് മെറ്റീരിയൽസ്, പ്രൊവിഷണൽ സ്റ്റോർ, ഇഷ്ടിക നിർമ്മാണം, ഡയറി യൂണിറ്റ്, ആട് വളർത്തൽ, മത്സ്യം വളർത്തൽ, ചെരുപ്പ് നിർമ്മാണം, മത്സ്യ സംസ്ക്കരണം, പച്ചക്കറി/നെൽക്കൃഷി, കോഴി വളർത്തൽ, ടാക്സി ഹൗസ് എന്നീ തൊഴിൽ സംരംഭങ്ങളാണ് നടത്തുന്നത്. കുടുംബശ്രീ യൂണിറ്റുകൾ ഏർപ്പെട്ടിട്ടുള്ള തൊഴിലുകളുടെ വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

പഞ്ചായത്ത് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി

151 (4775) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിൽ ജോലിഭാരം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; പദ്ധതി എന്നത്തേക്ക് പൂർണ്ണമായി നടപ്പാക്കാനാകും ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly